V സാമ്പത്തിക അവലോകനം 2005-ലെ തെറ്റായ വിവരങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ഡോക്ടർ തോമസ് ഐസക്ക്: സർ, സംസ്ഥാന വരുമാന കണക്കിനെ സംബന്ധിച്ച അതീവ ഗൗരവമായിട്ടുള്ള പ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തിന്റെ വരുമാനത്തെക്കുറിച്ച് യഥാർത്ഥ വസ്തുത മനസ്സിലായിട്ടും അത് സഭയെ അറിയിക്കാതിരുന്നത് വളരെ ഗൗരവമായിട്ടുള്ള പിശകാണ്. 9.2 ശതമാനം വളർച്ച കഴിഞ്ഞ വർഷം ഉണ്ടായി എന്നാണ് സർക്കാരിന്റെ അവകാശവാദം. എത്രയാണ് വളർച്ച എന്ന് എനിക്ക് പറയാൻ കഴിയില്ല. ഞങ്ങൾക്ക് അച്ചടിച്ചു തന്നിരിക്കുന്ന കണക്കുകളിൽ വളരെ പ്രകടമായിട്ടുള്ള പൊരുത്തക്കേടുകൾ ചൂണ്ടിക്കാണിക്കാനാകും. നമ്മുടെ സംസ്ഥാന വരുമാനം കറന്റ് പ്രൈസിലും, കോൺസ്റ്റന്റ് പ്രൈസിലും നൽകുന്നുണ്ട്. അങ്ങനെ എടുത്തുനോക്കുമ്പോൾ കാർഷിക മേഖലയിൽ പ്രൈമറി സെക്ടറിൽ -01 വളർച്ച സ്ഥിരവിലയിൽ ആകുമ്പോൾ +2.5 ആകുന്നു. ഇങ്ങനെ ആകണമെങ്കിൽ പ്രാഥമിക മേഖലയിലെ വില ഗണ്യമായി ഇടിയണം. നിങ്ങളുടെ അവകാശവാദം കാർഷിക വിലയെല്ലാം ഗണ്യമായി ഉയർത്തുന്നു എന്നല്ലേ? എങ്ങനെ ഇതു സംഭവിക്കും? വ്യവസായ മേഖലയിൽ -1.3 സ്ഥിരവിലയാകുമ്പോൾ +5.8 ആകുന്നു. പൊതുഭരണം 10 ശതമാനം കറന്റ് പ്രൈസിൽ വളരുന്നത് സ്ഥിരവിലയാകുമ്പോൾ 21 ശതമാനമാകുന്നു. എങ്ങനെ ആകാൻ കഴിയും. അതേസമയം കൺസ്ട്രക്ഷൻ മേഖലയിലെ 16 ശതമാനം വളർന്നത് -13 ആകുന്നു. ആര്യാടൻ സാർ ഇപ്പോഴും കൈ കാണിക്കുന്നുണ്ട്, വളർച്ച ഇനിയും കൂടാൻ പോകുന്നു എന്ന്. 9 ഇനിയും കൂട്ടണമോ? ഞാൻ പറയുന്നത് ഈ കണക്കുകൾ പ്രകടമായ പൊരുത്തക്കേടുകളാണ്. രണ്ടാമതൊരു കാര്യമുണ്ട് G.S.D.P, N.S.D.P വരുമാനക്കണക്കാണ്. നമ്മുടെ Gross State Domestic Product-ൽ നിന്ന് ഡിപ്രീസിയേഷൻ കുറയുമ്പോഴാണ് നെറ്റ് കിട്ടുന്നത്. ഓരോ സെക്ടറിനും വ്യത്യസ്തമാണ് ഡിപ്രീസിയേഷൻ റേറ്റ്. വിവിധ മേഖലയുടെ വെയ്റ്റുകളുടെ വ്യത്യാസം മൂലം ഉണ്ടാകുന്നത്. അതുകൊണ്ട് N.S.D.P എടുക്കുമ്പോൾ വളർച്ചാനിരക്കിൽ മാറ്റം വരാം. എന്നാൽ ഓരോ സെക്ടറിനുള്ളിലും ഓരോ വർഷവും ഡിപ്രീസിയേഷൻ റേറ്റ് മാറ്റാൻ കഴിയുകയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഒന്ന് വിശദീകരിക്കണം. എങ്ങനെ കൃഷിയുടെ GSDP, ഗ്രാത്ത് റേറ്റ് -3.6 ആയിരിക്കുന്നത് നെറ്റ് ആകുമ്പോൾ +3.5 ആകും? എങ്ങനെ കൺസ്ട്രക്ഷന്റേത് -3.7 ആയിരിക്കുന്നത് നെറ്റ് ആകുമ്പോൾ -13 ആകും? എങ്ങനെ മാനുഫാക്ച്ചറിങ്ങിന്റേത് -2.6 ആയിരിക്കുന്നത് +2.5 ആകും? മൊത്തത്തിൽ കണക്കുകളെടുക്കുമ്പോൾ കഴിഞ്ഞ രണ്ട് വർഷവും മൈനസ് ആയിരുന്ന quick estimate ഉം advance estimate ഉം

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ റിവൈസ് ചെയ്യുമ്പോൾ 100 ശതമാനം മാറി പ്ലസ് ആയിട്ട് മാറുകയാണ്. ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിന് വേണ്ടി മന:പ്പൂർവം ഉണ്ടാക്കിയിട്ടുള്ളതെന്ന ഒരു ആരോപണം ഞാൻ വയ്ക്കുന്നില്ല. പക്ഷെ ഒരു വിശദീകരണം നൽകണം. ഒരു കാര്യം കൂടി പറയാം. ഈ സാമ്പത്തിക സർവേ വന്നതുമുതൽ ഇതുമായ ബന്ധപ്പെട്ട പ്ലാനിംഗ് ബോർഡ് മെമ്പർമാരുമായിട്ടും ധനകാര്യവകുപ്പു മന്ത്രിയുമായിട്ടു പോലും ഇത് സംബന്ധിച്ച് ചർച്ച നടന്നിട്ടുണ്ട്; തർക്കം ഉണ്ടായിട്ടുണ്ട്. വസ്തുതകൾ അങ്ങ് അറിഞ്ഞിട്ടും ഇന്നേവരെ ഈ സഭയിൽ ഈ കണക്കുകളിൽ ഇങ്ങനെ ചില പൊരുത്തക്കേടുകൾ ഉണ്ട് എന്നുപറയാൻ എന്തുകൊണ്ട് തയ്യാറായില്ല. ഈ സന്ദർഭത്തിലെങ്കിലും ഈ കണക്കുകൾ പിൻവലിക്കുന്നതിന് അങ്ങ് തയ്യാറാകുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഡോക്ടർക്ക് തന്നെ ഇത് കുറെയൊക്കെ അറിയാമായിരുന്നു. ഡോക്ടർക്ക് ഇത് കുറെയെല്ലാം അറിയാമെന്നാണ് എന്റെ വിശ്വാസം. പക്ഷെ ഈ സാമ്പത്തിക അവലോകനത്തെ സംബന്ധിച്ച റിപ്പോർട്ടിൽ തെറ്റുള്ളതിനാൽ അത് തിരിച്ചു വാങ്ങിക്കൊണ്ടിരിക്കുകയാണ് എന്നൊക്കെയാണ് അങ്ങ് ഇവിടെ നോട്ടീസിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെയൊന്നും ആരുടെ കൈയിൽ നിന്നും വാങ്ങുന്നില്ല. സാമ്പത്തിക അവലോകന റിപ്പോർട്ടിലെ കണക്ക് 2004-ലെ quick estimate-നെ അടിസ്ഥാനമാക്കിയുള്ളതാണ്. ഡോക്ടർക്ക് അറിയാമല്ലോ എന്താണ് quick estimate-എന്ന്. അടുത്ത വർഷത്തോടെ 2004-2005-ലെ പ്രൊവിഷണൽ എസ്റ്റിമേറ്റ് വരും. അതിന്റേയും അടുത്ത വർഷമാണ് ഫൈനൽ എസ്റ്റിമേറ്റ് വരുന്നത്. അപ്പോൾ quick estimate-ൽ പറഞ്ഞിരിക്കുന്നത് മുഴുവൻ പെർഫെക്ട് ആയിരിക്കുകയില്ല. അതെല്ലാവർക്കും അറിയാം. ഡോക്ടർക്കും അറിയാം; quick estimate കറക്ടായിരിക്കുകയില്ല എന്ന്. പിന്നെ അടുത്ത വർഷം അത് പ്രൊവിഷണലായിട്ടുവരും. അതിന്റെ അടുത്ത വർഷം ഫൈനൽ എസ്റ്റിമേറ്റ് വരും. ഇതാണ് പ്ലാനിംഗ് ബോർഡ് ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് എന്നേക്കാൾ നല്ലപോലെ അറിയാവുന്നത് ഡോക്ടർക്കാണ്. ഇക്കാരണത്താൽ ഇപ്പോൾ നൽകിയിട്ടുള്ള quick estimate-ൽ ഗുരുതരമായ തെറ്റുകൾ കടന്നുകൂടിയിരിക്കുന്നു എന്ന് പറയുന്നത് ശരിയല്ല. ഇത് Quick estimate ആണ് സാമ്പത്തിക അവലോകന റിപ്പോർട്ടിലെ വളർച്ചാ നിരക്ക് 9.2 ശതമാനം മീഡിയം ടേം ഫിസ്കൽ സ്ട്രാറ്റജി സ്റ്റേറ്റ്മെന്റിലെ നിരക്ക് 8.1-ഉം വ്യത്യസ്തമാണ് എന്നത് ശരിയാണ്. സാമ്പത്തിക അവലോകന റിപ്പോർട്ടിലെ 9.2% വളർച്ചാ നിരക്ക് 2004- 2005-ലേതാണ്. അത് ഞാൻ വേണമെങ്കിൽ എടുത്തുകാണിക്കാം. എന്നാൽ മീഡിയം ടേം ഫിസ്കൽ സ്ട്രാറ്റജി സ്റ്റേറ്റ്മെന്റിലെ 8.1 ശതമാനം വളർച്ചാ നിരക്ക് 2005-2006-ലേതാണ്. അതുകൊണ്ട് അത് പൊരുത്തപ്പെടണമെന്നില്ല. സാമ്പത്തിക അവലോകന റിപ്പോർട്ടിലെ വളർച്ചാനിരക്ക് NSDP -യുടെ വളർച്ചാനിരക്കാണ്. എന്നാൽ മീഡിയം ടേം ഫിസ്കൽ സ്ട്രാറ്റജി സ്റ്റേറ്റ്മെന്റിലെ 8.1 എന്നത് GSDP നിരക്കാണ്. ഇവിടെ വളർച്ചാനിരക്കാണ്. നിർമ്മാണ മേഖലയിൽ 2004-2005-ലെ 13 ശതമാനത്തിൽ നെഗറ്റീവ് ഗ്രോത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരിക്കുന്നു എന്നാണ് കാണിക്കുന്നത്. Assumption-ൽ വന്ന ചില വ്യതിയാനങ്ങൾ മൂലമാകാം. ശരിയായ വളർച്ചാനിരക്ക് ഈ മേഖലയിൽ കാണിക്കുകയാണെങ്കിൽ മൊത്തം വളർച്ചാനിരക്ക് 9.2 ശതമാനത്തിൽ നിന്ന് വർദ്ധിക്കുകയേയുള്ളൂ. അക്കാര്യം ഇതിൽത്തന്നെ പറഞ്ഞിട്ടുണ്ട്.

കറണ്ട് പ്രൈസിൽ കൺസ്ട്രക്ഷൻ 26.2 ആണ്. അത്, അറ്റ് കോൺസ്റ്റന്റ് പ്രൈസാകുമ്പോൾ -13.2 ആകും. അതത്ര ശരിയാണെന്ന അഭിപ്രായം എനിക്കില്ല. പക്ഷേ, ക്വിക് എസ്റ്റിമേറ്റാണ്. അതുകൊണ്ട് ക്വിക് എസ്റ്റിമേറ്റ് കറക്ട് ചെയ്യാം. പ്രൊവിഷണൽ എസ്റ്റിമേറ്റ് വരും, ഫൈനൽ എസ്റ്റിമേറ്റ് വരും. കൺസ്ട്രക്ഷനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഒരു ബൂം ആണ്. അത് -13 ആക്കാൻ ഒക്കത്തില്ല. അത് പ്ലസ് വരികയാണെങ്കിൽ -13.1-ന്റെ അടിസ്ഥാനത്തിലാണ് നമുക്ക് 9.2 ഗ്രോത്തായിട്ട് കൺക്ലൂഡ് ചെയ്തിരിക്കുന്നത്. അത് +13 ആണ് വരുന്നതെങ്കിൽ ഗ്രോത്ത് റേറ്റ് വളരെക്കൂടും. അതുകൊണ്ടാണ് ഞാൻ എന്റെ ബഡ്ജറ്റിൽ അതൊന്നും എടുത്ത് പറയാതിരുന്നത്. 9.2 ഗ്രോത്ത് ഒന്നും ഞാൻ അവകാശപ്പെട്ടില്ല. കാരണം ഇത് ക്വിക് എസ്റ്റിമേറ്റായതുകൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ ഒരു അവകാശവാദം ഉന്നയിക്കുന്നത് ശരിയല്ല എന്നുള്ളതാണ്. (.....ബഹളം.....) സംസ്ഥാന എക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തയ്യാറാക്കുന്ന ജി.എസ്.ഡി.പി. എസ്റ്റിമേറ്റുകൾ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന്റെ വിശദമായ പരിശോധനയ്ക്കു ശേഷമാണ് അന്തിമമായി അംഗീകരിക്കപ്പെടുന്നത്. സാമ്പത്തിക അവലോകനം 2005 -ലെ എസ്റ്റിമേറ്റുകളുടെ പരിശോധനയുടെ ഒന്നും ആവശ്യമില്ല. ഡോക്ടർക്ക് അറിയാമല്ലോ? ഡോക്ടറുടെ പഴയ ആളുകൾ തന്നെയാണ് ഇതിപ്പോൾ ഉണ്ടാക്കിയത്.

VI 2005-ലെ സ്റ്റേറ്റ്മെന്റിൽ വന്ന തെറ്റ്

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ ഇവിടെ ക്രമപ്രശ്നമായി ഉന്നയിക്കാൻ ഉദ്ദേശിച്ച കാര്യങ്ങളിലൊന്ന് ഡോ. തോമസ് ഐസക് ഇവിടെ ഉന്നയിച്ചതുമായി സമാനതയുള്ളതാണ്. പക്ഷേ, അങ്ങ് മറുപടി പറഞ്ഞപ്പോൾ അത് ഉന്നയിക്കണമെന്ന് തോന്നുകയാണ്. പ്രൊവിഷണലായിട്ടുള്ള കണക്കുകളല്ല ക്വിക് എസ്റ്റിമേറ്റാണ് തയ്യാറാക്കിയത് എന്നാണ് പറഞ്ഞത്.. 2003-04-ലെ എക്കണോമിക് റിവ്യൂ റിപ്പോർട്ടും 2004-05-ലെ കണക്കും വച്ചുകൊണ്ട് ഇപ്പോൾ തന്നിട്ടുള്ള എക്കണോമിക് റിവ്യൂ റിപ്പോർട്ടും പരസ്പര വിരുദ്ധമാണല്ലോ? അത് അങ്ങ് പരിശോധിച്ചിട്ടുണ്ടോ? ഇത് ക്വിക് എസ്റ്റിമേറ്റല്ല. അത് കൃത്യമായിത്തന്നെ പറഞ്ഞിട്ടുണ്ട്. 6.63 ആണ് പെർസന്റ്. 2005-ലെ എക്കണോമിക് റിവ്യൂ റിപ്പോർട്ടിൽ 8.3 എന്ന് പറയുകയാണ്. കഴിഞ്ഞ വർഷം ഈ സഭയിൽ അവതരിപ്പിച്ച കണക്കനുസരിച്ച് പ്രൊവിഷണൽ എസ്റ്റിമേറ്റ് തന്നെ 6.63 ആയിട്ട് പിന്നെ എങ്ങനെ ക്വിക് എസ്റ്റിമേറ്റ് രീതിയിൽ 8.3 ആകുന്നു? അത് പ്രൊവിഷണൽ തന്നെയാണ്; ക്വിക്കല്ല. 2004-ലെ എക്കണോമിക് റിവ്യൂ റിപ്പോർട്ട് പ്രകാരം 2003-04-ലേത് 6.63% ആണ്. ഈ തവണ 7.4% എന്ന് പറയുന്നു. 2004-05-ൽ 6.15% ആണ്. ഈ തവണ എക്കണോമിക് റിവ്യൂ റിപ്പോർട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly